## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3091 **24.02.2016 - ൽ മറുപടിയ്ക്ക്**

### ഫയലുകൾ വൈകിപ്പിക്കുന്നത് തടയാനുള്ള നടപടി

**ചോദ്യം**

**ശ്രീ. പി.തിലോത്തമൻ**

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി**

**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഉദ്യോഗസ്ഥർ ഫയലുകളിൽ നടപടി വൈകിപ്പിക്കുന്നതു മൂലം ഉത്തരവുകൾ വൈകുന്നതും അകാരണമായി ഫയലുകൾ സെക്ഷനുകളിൽ നിന്നും മറ്റ് സെക്ഷനുകളിലേയ്ക്ക് മാറ്റി കാലതാമസം വരുത്തുന്നതും ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുവാൻ കമ്പ്യൂട്ടർ വൽക്കരണം, ഡി.ഡി.എഫ്.എസ്, ഇ-ഗവേണൻസ്, ഇ-ഫയലിംഗ്, ഇ-ടെന്ററിംഗ്, ഐഡിയാസ്, ഫ്രണ്ട്സ്/അക്ഷയ, ഇ-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കയാണ്. കൂടാതെ പഞ്ചദിനചട്ടം, സേവനാവകാശ നിയമം എന്നിവ കർശനമായി പാലിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും അപേക്ഷകൾ, പരാതികൾ എന്നിവയിൻ മേലുള്ള നടപടികൾ വേഗത്തിലാക്കി സമയബന്ധിതമായി തീർപ്പാക്കുന്നതിനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം ചെയ്യുവാനും 3 മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി മാറ്റി വയ്ക്കുന്നതിനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മണ്ഡലം ആസ്തി വികസന പദ്ധതിയടക്കം വിവിധ പദ്ധതികളിലൂടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഫയലുകളായി സെക്രട്ടേറിയറ്റിലെ വിവിധ സെക്ഷനുകളിൽ എത്തുമ്പോൾ അകാരണമായി വച്ചു താമസിപ്പിച്ച് ഇപ്രകാരമുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതും ഫയലുകളിൽ കാലതാമസം വരുത്തുന്നതും ഉത്തരവുകളിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി കാലതാമസം വരുത്തുന്നതും സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (ബി), (സി & (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഇത്തരം വിഷയങ്ങളിൽ ഒരിക്കൽ പരാതി നൽകി എന്ന കാരണത്താൽ തുടർന്നുള്ള എല്ലാ ഫയലുകളും വച്ച് താമസിപ്പിച്ച് പരാതിക്കാരെ അവഹേളിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | മേൽപ്പറഞ്ഞ തരത്തിലുള്ള സംഭവങ്ങളിൽ എം.എൽ.എ-മാർ അടക്കം നൽകിയിട്ടുള്ള പരാതികളിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**